**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1268** **19-06-2024 - ൽ മറുപടിയ്ക്ക്**

**ഇരിക്കൂർ മണ്ഡലത്തിലെ വളക്കൈ - കൊയ്യം റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഇരിക്കൂർ നിയോജക മണ്ഡലത്തിലെ വളക്കൈ - കൊയ്യം റോഡിന്റെ നിർമ്മാണ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | ഇരിക്കൂർ നിയോജക മണ്ഡലത്തിലെ വളക്കൈ -കൊയ്യം റോഡിന്റെ കി.മീ 0/000 മുതൽ 4/620 വരെ DBM,BC എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന കി.മീ 4/620 മുതൽ 6/900 വരെ റോഡ് ഉപരിതല പ്രവൃത്തി പൂർത്തീകരിക്കാനുണ്ട്. |
| (ബി) | പ്രസ്തുത റോഡ് നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുവാൻ സാധിക്കാത്തതുമൂലം പൊതുജനങ്ങൾക്കുണ്ടായ പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇരിക്കൂർ -കൊയ്യം റോഡിന്റെ കി.മീ 4/620 ന് ശേഷമുള്ള ഭാഗത്ത് റോഡ് കൂടുതലായി തകർന്നതിനെ തുടർന്ന് ടാറിംഗ് പ്രവൃത്തിക്ക് മുമ്പ് ചെയ്യേണ്ട GSB,WMM എന്നീ ഇനങ്ങളിൽ വ്യത്യാസം വന്നു. ഇവ ഉൾക്കൊള്ളിച്ച് തയ്യാറാക്കിയ റിവൈസ്ഡ് എസ്റ്റിമേറ്റിന് പുതുക്കിയ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. T.S. നിരക്ക് പ്രകാരം അധികരിച്ച തുകയ്ക്ക് പുതുക്കിയ ഭരണാനുമതിയ്ക്കുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചാൽ പ്രവൃത്തി പുനഃരാരംഭിക്കുവാൻ സാധിക്കും. |
| (സി) | പ്രസ്തുത റോഡ് നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | ഇരിക്കൂർ -കൊയ്യം റോഡിന്റെ കി.മീ 4/620 ന് ശേഷമുള്ള ഭാഗത്ത് റോഡ് കൂടുതലായി തകർന്നതിനെ തുടർന്ന് ടാറിംഗ് പ്രവൃത്തിക്ക് മുമ്പ് ചെയ്യേണ്ട GSB,WMM എന്നീ ഇനങ്ങളിൽ വ്യത്യാസം വന്നു. ഇവ ഉൾക്കൊള്ളിച്ച് തയ്യാറാക്കിയ റിവൈസ്ഡ് എസ്റ്റിമേറ്റിന് പുതുക്കിയ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. T.S. നിരക്ക് പ്രകാരം അധികരിച്ച തുകയ്ക്ക് പുതുക്കിയ ഭരണാനുമതിയ്ക്കുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചാൽ പ്രവൃത്തി പുനഃരാരംഭിക്കുവാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ